**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 419** **05-10-2021 - ൽ മറുപടിയ്ക്ക്**

**സെസ്സിലൂടെ ലഭിക്കുന്ന തുക കിഫ്ബിയ്ക്ക് കൈമാറുന്ന നടപടിക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പെട്രോളിയം സെസ്സിലൂടെയും മോട്ടോർ വാഹന സെസ്സിലൂടെയും ലഭിക്കുന്ന തുക കിഫ്ബിയ്ക്ക് കൈമാറുന്നതിന്റെ നടപടിക്രമം എന്താണെന്ന് വ്യക്തമാക്കാമോ? | (എ) | 2016 ലെ കിഫ് ഭേദഗതി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം എല്ലാ വർഷവും മോട്ടോർ വാഹന നികുതിയിൽ നിന്നുള്ള ഒരു വിഹിതവും (നിലവിൽ 50%), പെട്രോൾ/ഡീസൽ സെസ്സിൽ നിന്നുള്ള വിഹിതവും (ഒരു രൂപ/ലിറ്റർ നിരക്കിൽ) കിഫ്ബിയിക്ക്സർക്കാർ കൈമാറേണ്ടതാണ്. ഇത്തരത്തിൽ ഓരോ വർഷവും കിഫ്ബിയ്ക്ക് നൽകേണ്ട തുക നിശ്ചയിക്കുന്നത് തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷത്തിൽ സമാഹരിച്ച മോട്ടോർ വാഹന നികുതിയുടെയും പെട്രോളിയം സെസ്സിന്റെയും അടിസ്ഥാനത്തിലാണ്. ഈ തുക ഓരോ സാമ്പത്തിക വർഷത്തിലെയും ഡിസംബർ 31 ന് മുമ്പ് കിഫ്ബിയ്ക്ക് കൈമാറണമെന്നും ആക്ടിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ വലിയൊരു തുക ഇത്തരത്തിൽ കൈമാറുന്നതിലൂടെ സർക്കാരിന് ദൈനംദിന ചെലവുകൾ വഹിക്കുന്നതിലുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ കുറക്കുന്നതിനായി നിലവിൽ ഈ തുക ദിവസേന കിഫ്ബിയ്ക്ക കൈമാറുവാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. അതിൻപ്രകാരം നിശ്ചയിക്കപ്പെട്ട തുകകളെ നിലവിലെ സാമ്പത്തിക വർഷത്തിൽ ഡിസംബർ 31 വരെ അവശേഷിക്കുന്ന ദിവസങ്ങളുടെ എണ്ണംകൊണ്ട് ഹരിക്കുന്നു. ഇതാണ് ഓരോ ഇനത്തിലും ദിവസേന കിഫ്ബിയ്ക്ക് ദൈനംദിനം കൈമാറുന്ന തുക. ധനകാര്യ വകുപ്പിന്റെ BAMS, ഇ-ലഡ്ജർ, BIMS എന്നീ സോഫ്റ്റ് വെയറുകളിലൂടെ ഉദ്യോഗസ്ഥർ ഇത് സംബന്ധിക്കുന്ന ബില്ലുകൾ സർക്കാരിന് സമർപ്പിക്കുകയും ആയത് അംഗീകരിക്കുന്ന മുറക്ക് തുക കിഫ്ബിയുടെ അക്കൗണ്ടിലേക്ക് കൈമാറുകയും ചെയ്യുന്നു. പെട്രോളിയം സെസ്സിലൂടെയും മോട്ടോർ വാഹന നികുതിയിലൂടെയും ലഭിക്കുന്ന തുക കിഫ്ബിയ്ക്ക് കൈമാറുന്നതിന്റെ നടപടിക്രമം ഇതാണ്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭയിലെ മൂന്നാം സമ്മേളനം - ബഹു. എം.എൽ.എ. ശ്രീ. ടി. ജെ. വിനോദ് സഭയിൽ ഉന്നയിച്ചതും, ശ്രീ. കെ. എൻ. ബാലഗോപാൽ ധനകാര്യ വകുപ്പ് മന്ത്രി 05.10.2021 ൽ മറുപടി നൽകേണ്ടിയിരുന്നതുമായ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 419 സെസ്സിലൂടെ ലഭിക്കുന്ന തുക കിഫ്ബിയ്ക്ക് കൈമാറുന്ന നടപടിക്രമം എന്ന ചോദ്യത്തിന് മറുപടി നൽകുന്നതിലുണ്ടായ കാലതാമസം വിശദമാക്കുന്ന പത്രിക.**

*ബഹു. എം.എൽ.എ സഭയിൽ ഉന്നയിച്ച ചോദ്യം താഴെ പറയുന്നവയാണ്.*

*(എ)* പെട്രോളിയം സെസ്സിലൂടെയും മോട്ടോർ വാഹന സെസ്സിലൂടെയും ലഭിക്കുന്ന തുക കിഫ്ബിയ്ക്ക് കൈമാറുന്നതിന്റെ നടപടിക്രമം എന്താണെന്ന് വ്യക്തമാക്കാമോ? ടി ചോദ്യത്തിന് മറുപടി നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിലുണ്ടായ സ്വാഭാവിക കാലതാമസം അല്ലാതെ ഇക്കാര്യത്തിൽ മന:പൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ല എന്ന് വിനയപൂർവ്വം അറിയിച്ചു കൊള്ളുന്നു. ഈ കാലതാമസം മാപ്പാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജോയിന്റ് സെക്രട്ടറി